**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

തദ്ദേശസ്വയംഭരണ വകുപ്പ്- മലപ്പുറം ജില്ലയിലെ പുഴക്കാട്ടിരി ഗ്രാമപഞ്ചായത്ത് രാമപുരം വില്ലേജിൽ സർവ്വേ നമ്പർ 52/9-2, 52/10-1 എന്നിവയിലുൾപ്പെട്ട സ്ഥലത്തെ രാമപുരം എയ്ഡഡ് ഹിന്ദു ലോവർ പ്രൈമറി സ്കൂളിന്റെ പുതിയ ബ്ലോക്ക് നിർമ്മാണത്തിന് നിബന്ധനകൾക്ക് വിധേയമായി 2019 ലെ കേരള പഞ്ചായത്ത് കെട്ടിടനിർമ്മാണ ചട്ടങ്ങളിലെ ചട്ടം 3(4)(ബി) പ്രകാരം ഇളവനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശസ്വയംഭരണ (ആർബി) വകുപ്പ്**

**സ.ഉ.(സാധാ) നം1353/2020/തസ്വഭവ** **തിരുവനന്തപുരം, തീയതി 14/07/2020**

---

പരാമർശം:-
1) രാമപുരം എ.എച്ച്.എൽ.പി. സ്കൂൾ മാനേജരുടെ 11.02.2020 ലെ അപേക്ഷ.
2) പുഴക്കാട്ടിരി ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ 17.02.2020 ലെ എ 3.975/2020 നമ്പർ കത്ത്.
3) മലപ്പുറം ടൗൺ പ്ലാനറുടെ 12.03.2020 ലെ TCPMPM/212/2020-A3 നമ്പർ കത്ത്.
4) ചീഫ് ടൗൺ പ്ലാനറുടെ 19.03.2020 ലെ TCPCTP/702/2020-C2 നമ്പർ കത്ത്.

**<u>ഉത്തരവ്</u>**

മലപ്പുറം ജില്ല പുഴക്കാട്ടിരി ഗ്രാമപഞ്ചായത്ത് രാമപുരം വില്ലേജിൽ സർവ്വേ നമ്പർ 52/9-2, 52/10-1 എന്നിവയിലുൾപ്പെട്ട 646 ച.മീ. സ്ഥലത്ത് നിലവിൽ പ്രവർത്തിച്ചു വരുന്ന രാമപുരം എയ്ഡഡ് ഹിന്ദു ലോവർ പ്രൈമറി സ്കൂൾ കോമ്പൗണ്ടിൽ നിലവിലുള്ള പഴയ ഓടിട്ട കെട്ടിട ഭാഗം പൊളിച്ച് പുതിയ ബ്ലോക്ക് നിർമ്മിക്കുമ്പോൾ ചട്ട പ്രകാരമുള്ള കവറേജ് ലഭ്യമാകുന്നില്ലെന്നും സ്കൂളിന് ഒരു നിലക്കും സ്ഥല വിസ്തൃതി കൂട്ടാൻ പറ്റാത്ത സാഹചര്യമാണെന്നും ആയതിനാൽ കെട്ടിടനിർമ്മാണ ചട്ടങ്ങളിൽ ഇളവ് നൽകണമെന്നും ആവശ്യപ്പെട്ട് രാമപുരം എ.എച്ച്.എൽ.പി. സ്കൂൾ മാനേജർ പരാമർശം (1) പ്രകാരം അപേക്ഷ സമർപ്പിച്ചിരുന്നു.

2. പ്രസ്തുത അപേക്ഷയുമായി ബന്ധപ്പെട്ട് നടത്തിയ സ്ഥല പരിശോധനയിൽ സ്കൂളിന്റെ ഭൗതിക സാഹചര്യ വികസനത്തിന് നിലവിലുള്ള ഓടിട്ട കെട്ടിടം പൊളിച്ചു നീക്കേണ്ടത് ആവശ്യമാണെന്നും സ്കൂളിന് സ്വന്തമായി 16 സെന്റ് സ്ഥലം മാത്രമുള്ളതിനാലും അതിരുകളുടെ പ്രത്യേകത മൂലവും കവറേജ് കുറച്ചും ചട്ടങ്ങൾ പ്രകാരം ആവശ്യമായ തുറന്ന സ്ഥലങ്ങൾ നിലനിറുത്തിയും ആവശ്യമായ സൗകര്യത്തോടെയുള്ള കെട്ടിടം നിർമ്മിക്കുവാൻ കഴിയുകയില്ലെന്നും പഴയ ദുർബലാവസ്ഥയിലുള്ള കെട്ടിടം പൊളിച്ചു നീക്കിക്കൊണ്ടല്ലാതെ 100 വർഷത്തോളമായി പ്രവർത്തിക്കുന്ന 400 കുട്ടികളോളം പഠിക്കുന്ന സ്കൂളിന് ഫലപ്രദമായി പ്രവർത്തിക്കുവാൻ കഴിയുകയില്ല എന്നും ബോദ്ധ്യപ്പെട്ടതായും ആയതിനാൽ 2019 ലെ കേരള പഞ്ചായത്ത് കെട്ടിടനിർമ്മാണ ചട്ടങ്ങളിലെ ചട്ടം 3(4)(ബി) പ്രകാരം ഇളവനുവദിക്കണമെന്നും ആവശ്യപ്പെട്ട് അപേക്ഷയും അനുബന്ധ രേഖകളും പുഴക്കാട്ടിരി ഗ്രാമപഞ്ചായത്ത് സെക്രട്ടറി പരാമർശം (2) പ്രകാരം ഉചിത മാർഗ്ഗേന സമർപ്പിച്ചിട്ടുണ്ട്.

3. പരാമർശ നിർമ്മാണത്തിന് താഴെ പറയുന്ന നിബന്ധനകൾക്ക് വിധേയമായി കേരള കെട്ടിടനിർമ്മാണ ചട്ടങ്ങളിലെ ചട്ടം 3(4)(ബി) പ്രകാരം ഇളവനുവദിക്കാവുന്നതാണെന്ന് ചീഫ് ടൗൺ പ്ലാനർ പരാമർശം (4) പ്രകാരം ശുപാർശ ചെയ്തിട്ടുണ്ട്.

1) നിർമ്മാണം കെ.പി.ബി.ആർ 2019 അനുബന്ധ ചട്ടങ്ങൾക്ക് അനുസൃതമായിരിക്കണം (സർക്കാരിൽ നിന്നും ചട്ടങ്ങളിൽ ഇളവ് ലഭിക്കുന്നവ ഒഴിച്ച്).
2) കെ.പി.ബി.ആർ. 2019 ലെ ചട്ടം 9(2) പ്രകാരം സ്ഥലത്തിന്റെ അതിരുകളും അളവുകളും പ്രമാണങ്ങളും ആധികാരികതയും ഉടമസ്ഥാവകാശവും പ്രസ്തുത ഭൂമി പുറമ്പോക്ക് ഭൂമിയിൽ ഉൾപ്പെട്ടതല്ലെന്നും പഞ്ചായത്ത് സെക്രട്ടറി പരിശോധിച്ച് ഉറപ്പ് വരുത്തേണ്ടതാണ്. സൈറ്റ് പ്ലാനിൽ കാണിച്ചിട്ടുള്ള പി.ഡബ്ല്യു.ഡി റോഡ് എൻക്രോച്ച്മെന്റ് ആയി രേഖപ്പെടുത്തിയിട്ടുള്ളത് അധികരിക്കുന്നില്ലെന്ന് ഉറപ്പ് വരുത്തേണ്ടതാണ്. .
3) വിഭാവിത നിർമ്മാണത്തിന് പഞ്ചായത്ത് രാജ് ആക്ട് 220(ബി) യുടെ ലംഘനം ഇല്ലെന്ന് പഞ്ചായത്ത് സെക്രട്ടറി ഉറപ്പ് വരുത്തേണ്ടതാണ്.
4) നിർമ്മാണം പൂർത്തീകരിക്കുന്ന മുറയ്ക്ക് പ്ലാനിൽ രേഖപ്പെടുത്തിയ വിധം സാനിട്ടേഷൻ ഫെസിലിറ്റീസ് നൽകിയിട്ടുണ്ടെന്ന് പഞ്ചായത്ത് സെക്രട്ടറി ഉറപ്പ് വരുത്തേണ്ടതാണ്.

4. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. സ്കൂളിന്റെ ഭൗതിക സാഹചര്യ വികസനത്തിന് നിലവിലുള്ള ഓടിട്ട കെട്ടിടം പൊളിച്ചു നീക്കേണ്ടത് ആവശ്യമാണ്. സ്കൂളിന് സ്വന്തമായി 16 സെന്റ് സ്ഥലം മാത്രമുള്ളതിനാലും അതിരുകളുടെ പ്രത്യേകത മൂലവും കവറേജ് കുറച്ചും ചട്ടങ്ങൾ പ്രകാരം ആവശ്യമായ തുറന്ന സ്ഥലങ്ങൾ നില നിറുത്തിയും ആവശ്യമായ സൗകര്യത്തോടെയുള്ള കെട്ടിടം നിർമ്മിക്കുവാൻ കഴിയുകയില്ല

5. മേൽ സാഹചര്യത്തിൽ പരാമർശം (4) ലെ ചീഫ് ടൗൺ പ്ലാനറുടെ ശുപാർശയുടെ അടിസ്ഥാനത്തിൽ മലപ്പുറം ജില്ലയിലെ പുഴക്കാട്ടിരി ഗ്രാമപഞ്ചായത്തിൽ രാമപുരം വില്ലേജിൽ സർവ്വേ നമ്പർ 52/9-2, 52/10-1 എന്നിവയിലുൾപ്പെട്ട 646 ച.മീ. സ്ഥലത്ത് നിലവിൽ പ്രവർത്തിച്ചു വരുന്ന രാമപുരം എയ്ഡഡ് ഹിന്ദു ലോവർ പ്രൈമറി സ്കൂളിന്റെ പഴയ ഓടിട്ട ഭാഗം പൊളിച്ച് പുതിയ ബ്ലോക്ക് നിർമ്മിക്കുമ്പോൾ കവറേജിന് അനുവദനീയമായ 35% ൽ നിന്നും 50.49% വരെ അധികരിക്കുന്നതിന് മേൽ പറഞ്ഞ നിബന്ധനകൾക്ക് വിധേയമായി 2019 ലെ കേരള പഞ്ചായത്ത് കെട്ടിട നിർമ്മാണ ചട്ടങ്ങളിലെ ചട്ടം 3(4)(ബി) പ്രകാരം ഇളവനുവദിച്ച് ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

**സഞ്ജുകുമാർ. എൻ**
**ഡെപ്യൂട്ടി സെക്രട്ടറി**

മാനേജർ, എ.എച്ച്.എൽ.പി.സ്കൂൾ, രാമപുരം, രാമപുരം പി.ഒ., മലപ്പുറം
ചീഫ് ടൗൺ പ്ലാനർ, തിരുവനന്തപുരം
ടൗൺ പ്ലാനർ, മലപ്പുറം
സെക്രട്ടറി, പുഴക്കാട്ടിരി ഗ്രാമപഞ്ചായത്ത്
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്), കേരള, തിരുവനന്തപുരം
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം
കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ